**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1168** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>കുമ്പളങ്ങി മാതൃകാ വിനോദസഞ്ചാര ഗ്രാമത്തിന്റെ പുനരുജ്ജീവനവും വികസനവും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** ഇന്ത്യയിലെ ആദ്യ മാതൃകാ ടൂറിസം ഗ്രാമമായ കുമ്പളങ്ങിയിലെ വികസന പ്രവർത്തനങ്ങൾ പത്ത് വർഷത്തിലേറെയായി കാര്യമായ പുരോഗതിയില്ലാതെ സ്തംഭനാവസ്ഥയിലാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u> കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കുമ്പളങ്ങിയിൽ ടൂറിസം പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.**

**(ബി)** കഴിഞ്ഞ പത്ത് വർഷത്തിനിടെ ഈ പദ്ധതിക്കായി പുതിയ വികസന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും നിലവിൽ പൂർത്തിയാകാതെ കിടക്കുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡിക(എ)യിലെ ഉത്തരം

**(സി)** ദീർഘകാലമായി ഫണ്ട് ലഭ്യമാകാത്തതുമൂലം കുമ്പളങ്ങിയിലെ ഗ്രാമീണ വിനോദസഞ്ചാര മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>**

**ഇത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.**

**(ഡി)** കുമ്പളങ്ങിയിലെ പ്രധാന പ്രകൃതിദത്ത വിസ്മയമായ 'കവര് ' കാണാൻ എത്തുന്ന സഞ്ചാരികൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനും ഇതിനെ ആഗോളതലത്തിൽ ബ്രാൻഡ് ചെയ്യാനും പ്രത്യേക പാക്കേജ് അനുവദിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡിക(സി)യിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**